പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3370

21/12/2012 - ൽ മറുപടിയ്ക്ക്

## മഹിളാ സശാക്തീകരൺ പര്യോജനാ

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|
| (എ) മഹിളാ സശാക്തീകരൺ പര്യോജനാ പ്രകാരം വനിതാ കർഷകരുടെ ശാക്തീകരണത്തിനായി കേന്ദ്ര സർക്കാർ എന്ത് തുക അനുവദിച്ചു വെന്നും എപ്പോഴാണ് അനുമതി ലഭിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | എം.കെ.എസ്.പി ഫണ്ടിൽ നിന്നും രണ്ട് പദ്ധതികൾ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. കുടുംബശ്രീ വഴി നടപ്പിലാക്കുന്ന സംഘകൃഷി (ജെ.എൽ.ജി)ക്ക് 36.12 കോടി രൂപയും, നെൽകൃഷി വികസനത്തിനായി പാലക്കാട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകൾക്കായി 30.28 കോടി രൂപയും 2011 ജൂലൈയിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക എത്ര വർഷം കൊണ്ടാണ് ലഭിക്കുന്നതെന്നും ഏത് ഏജൻസിക്കാണ് നടത്തിപ്പ് ചുമതലയെന്നും വ്യക്തമാക്കുമോ ; | (ബി) | പദ്ധതികൾ മൂന്നുവർഷം കൊണ്ട് പൂർത്തിയാക്കേ ണ്ടതാണ്. ആദ്യഗഡുവായ 9.03 കോടി രൂപ എം.ഒ.യു. (Memorandum of Understanding) വിൽ ഏർപ്പെട്ട ഉടനെ ലഭിച്ചു. രണ്ടാം ഗഡുവായ 50% ആദ്യഗഡുവിന്റെ 60% ചെലവാകുന്ന മുറയ്ക്കും, മൂന്നാംഗഡുവായ 25% അനുവദിച്ച ആകെ തുകയുടെ 80% ചെലവാകുന്ന മുറയ്ക്കും ലഭിക്കുന്നതാണ്. സംഘകൃഷിയുടെ നടത്തിപ്പ് ഏജൻസി കുടുംബശ്രീയും നെൽകൃഷിയുടെ ചുമതല കോംപ്റ്റ് (കൺസോർഷ്യം ഓഫ് ഡിസ്ട്രിക്റ്റ് പഞ്ചായത്ത്സ് - മലപ്പുറം, പാലക്കാട്, തൃശൂർ) എന്ന ഏജൻസിക്കുമാണ്. |
| (സി) ഇതിനോടകം ഏതെല്ലാം ഏജൻസികൾക്ക് എന്ത് തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ; | | കുടുംബശ്രീക്ക് 9.03 കോടി രൂപയും കോംപ്റ്റിന് 7.05 കോടി രൂപയുമാണ് നൽകിയത് |
| (ഡി) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ രേഖകളും നോഡൽ ഏജൻസിയെ നിശ്ചയിച്ചുകൊണ്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കത്തിന്റെ പകർപ്പും ലഭ്യമാക്കുമോ? | (ഡി) | പകർപ്പ് അനുബന്ധം (I & II) ആയി ചേർക്കുന്നു. |

അനുബന്ധം ലൈ...യിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ